MODELQP Pages: 2 Reg No:.....
Name:.....

Fifth Semester FYUGP Degree Examination
KU5DSEMAL303 - EMINENT WRITER - MADHAVIKKUTTY
2024 Admission onwards

Time : 2 hours Maximum Marks : 70

Section A

Answer any 6 questions. Each carry 3 marks.

1. എന്നെ വെറുത്തു തുടങ്ങിയോ ?
   എന്തിന്?
   ഒരിക്കൽ സ്നേഹിച്ചിരുന്നതുകൊണ്ട് ! കഥാ സന്ദർഭം കണ്ടെത്തി എഴുതുക.

2. തരിശ്ശുനിലം എന്ന കഥയിലെ കാമുകൻ കഥാനായികയെ ഉപേക്ഷിക്കാനുള്ള കാരണമെന്ത്?

3. മാധവിക്കുട്ടിയുടെ 'എന്റെ കഥ'യെ പരിചയപ്പെടുത്തിക്കൊണ്ട് ചെറുകുറിപ്പ് തയ്യാറാക്കുക.

4. "സ്നേഹിക്കപ്പെടാനുള്ള ആഗ്രഹത്താൽ മാത്രം അവർ തങ്ങളുടെ തലയോട്ടിയിൻമേൽ രാസവസ്തുക്കൾ തേച്ചുതിരുമ്മുന്നു; വൈകാരിക വസന്തങ്ങളുടെ വരവും കാത്ത് ജീവിക്കുന്നു "- എന്തിനെക്കുറിച്ചാണ് ഇവിടെ മാധവിക്കുട്ടി സൂചിപ്പിക്കുന്നത്?

5. വടക്കേ ഇന്ത്യക്കാർക്ക് ദക്ഷിണേന്ത്യക്കാരോടുള്ള പുച്ഛം മാധവിക്കുട്ടിക്ക് അനുഭവിക്കാനിടയായ സന്ദർഭമേത്?

6. സമ്മർ ഇൻ കൽക്കട്ട എന്ന കവിത കമലദാസിന്റെ എഴുത്തുജീവിതത്തിലെ നാഴികക്കല്ലായി മാറുന്നതെങ്ങനെ?

7. Drink again this
   Juice of April suns. - കാവ്യസന്ദർഭം കണ്ടെത്തുക.

8. "പട്ടിണി സഹിക്കാം ഈ കഷ്ടപ്പാടൊക്കെ സഹിക്കാം... പക്ഷേ കക്കണത് ഇയ്യ് സഹിക്കില്ല" - കുറച്ചു മണ്ണ് എന്ന കഥയിലെ സന്ദർഭം ഏതാണ്?

Section B

Answer any 4 questions. Each carry 6 marks.

9. മാധവിക്കുട്ടിയുടെ 'എന്റെ കഥ' കേവലമൊരു ആത്മകഥ എന്നതിലുപരി ഒരു സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിനായുള്ള പോരാട്ടമാണ് എന്ന് വിലയിരുത്തുന്നത് എന്തുകൊണ്ട്? വിശകലനം ചെയ്യുക.

10. സ്വന്തത്തോടുള്ള സ്നേഹം എന്ന ആശയത്തെ മാധവിക്കുട്ടി തന്റെ രചനകളിൽ അവതരിപ്പിക്കുന്നതെങ്ങനെയാണ്? ഉദാഹരണസഹിതം വിശദീകരിക്കുക.

11. പുരുഷന്മാർക്ക് തന്നോട് ശത്രുത തോന്നാനിടയുള്ള കാരണങ്ങളെപ്പറ്റി മാധവിക്കുട്ടി ഡയറികുറിപ്പുകളിൽ പറയുന്ന കാര്യങ്ങൾ വിശകലനം ചെയ്യുക.

12. മൈ മദർ ആറ്റ് സിക്സ്റ്റിസിക്സ് എന്ന കവിത വാർദ്ധക്യത്തെ എപ്രകാരമാണ് ചിത്രീകരിക്കുന്നത്? വിശകലനം ചെയ്യുക.

13. സ്നേഹിക്കപ്പെട്ട സ്ത്രീ എന്ന കഥയിലെ അമ്മിണിക്കുട്ടി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

14. പ്രേമമെന്നോ അനുരാഗമെന്നോ കവിതയെന്നോ മറ്റുള്ളവർ അതിനെ വിളിച്ചാലും അവരുടെ കണ്ണിൽ ആ വക ബന്ധങ്ങളൊക്കെയും നീചങ്ങളായിരുന്നു - സ്നേഹിക്കപ്പെട്ട സ്ത്രീ എന്ന കഥയിലെ ഈ പ്രസ്താവനയുടെ സാഹചര്യം വിലയിരുത്തുക.

Section C

Answer any 2 questions. Each carry 14 marks.

15. മലയാളത്തിലെ പെണ്ണെഴുത്തിന്റെ തുറന്ന മാതൃക എന്ന മട്ടിൽ മാധവിക്കുട്ടിയുടെ എഴുത്തുക്കളെ പരിഗണിക്കാമോ? വിലയിരുത്തുക.

16. ഫെമിനിസം, വുമണിസം എന്നീ ആശയങ്ങളോട് മാധവിക്കുട്ടിയുടെ രചനകൾ എങ്ങനെയാണ് ചേർന്നു നിൽക്കുന്നത്? ജെ ദേവികയുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

17. മാധവിക്കുട്ടിയുടെ കല്യാണി, നാവികവേഷം ധരിച്ച കുട്ടി എന്നീ കഥകളിൽ കടന്നു വരുന്ന ഫാന്റസിയുടെ ഘടകങ്ങൾ വിശകലനം ചെയ്യുക .